(ബി) ഇക്കാര്യം വിശദമായി പഠിക്കുന്നതിനും ഇപ്പോൾ നൽകിവരുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടരീതിയിൽ നൽകുന്നത് സംബന്ധിച്ച നിർദ്ദേശം നൽകുന്നതിനും ഏതെങ്കിലും ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടുണ്ടോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളേയും സഹകരണ മേഖലയെയും സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം ലഭിക്കേണ്ട സേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പൊതുജനങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണെന്നതിനാൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല. ഇതിനായി പ്രത്യേക ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടില്ല.

(സി) 2005-ലെ വിവരാവകാശ നിയമത്തിലെ പൊതു അധികാര സ്ഥാപനം എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ മേഖലയും വിവരാവകാശ നിയമപ്രകാരം ലഭിക്കേണ്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് നിയമ പ്രകാരം സ്വയം ബാദ്ധ്യസ്ഥമായതിനാൽ പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വി. രാമചന്ദ്രൻ കമ്മിറ്റി നിർദ്ദേശങ്ങൾ

2 (2449) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ വി. രാമചന്ദ്രൻ കമ്മിറ്റി പ്രധാനമായും എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതൊക്കെ ശുപാർശകൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സംയുക്ത സംരംഭത്തിലൂടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ കൊടുത്തിരിക്കുന്നു. ഒരു പദ്ധതിക്ക് അനുമതി നൽകുന്നതിന് മുമ്പ് അതിന്റെ നാനാവശങ്ങൾ പണത്തിന്റെ സ്രോതസ്സ്, ഭൂമിലഭ്യത, ജീവനക്കാരുടെ വിന്യാസരീതി, പദ്ധതി കൊണ്ടുണ്ടാകുന്ന പാരിസ്ഥിതികാഘാതം, വിപണനസാധ്യത പ്രോജക്ടിന് ഭാവിയിലുണ്ടാകാവുന്ന സാധ്യത എന്നിവ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ധാരണയുണ്ടാക്കണം. നടപ്പിലാക്കാൻ പോകുന്ന പ്രോജക്ടിനെപ്പറ്റി വിപുലമായ ചർച്ചയ്ക്കും ധാരണയ്ക്കും സാധ്യമാക്കുന്നതിന് സർക്കാർ വെബ്സൈറ്റിൽ വിജ്ഞാപനം ചെയ്യണം. പ്രൊഫഷണൽ യോഗ്യതയുള്ളവരെക്കൊണ്ട് തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമഗ്രമായിരിക്കണം. അതിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ട സംവിധാനത്തെപ്പറ്റിയും ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോഴുണ്ടാകുന്ന പുനരധിവാസ പാക്കേജിനെപ്പറ്റിയും വ്യക്തമാക്കിയിരിക്കണം. പദ്ധതി തുടങ്ങുന്നതിനുമുമ്പ് പദ്ധതി പ്രദേശത്തിന്റെ വിശദമായ സാമൂഹിക-സാമ്പത്തിക പഠനം നടത്തി അവിടെ നടത്തേണ്ട പുനരധിവാസ പദ്ധതികളുടെ സ്വഭാവം കണ്ടെത്തണം. ഭൂമിയുടെ വിലയും പുനരധിവാസ പദ്ധതിചെലവും മൊത്തം പ്രോജക്ട് ചെലവിൽ ഉൾപ്പെടുത്തണം. നൂതന സാങ്കേതങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് സർവെ വകുപ്പിനെ കാര്യക്ഷമമാക്കണം. വ്യവഹാരങ്ങൾ കുറയ്ക്കുന്നതിനായി എല്ലാ ഭൂമി ഏറ്റെടുക്കൽ നടപടികളുടെയും ഭാഗമായി പരാതി പരിഹാര സംവിധാനങ്ങൾ ഉണ്ടാകണം. പ്രോജക്ടുകൾ തുടങ്ങുന്നതിനുവേണ്ട വിവിധ അനുമതികൾ നേടുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക, ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങളിൽ യുക്തമായ ഭേദഗതികൾ വരുത്തുക. പൊതു ആവശ്യത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ഇളവ് അനുവദിക്കുന്നത് പരിശോധിക്കുന്നതിന് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി/ട്രിബ്യൂണൽ നിയമിക്കുന്നതിന് വേണ്ടി കേരള നെൽവയൽ സംരക്ഷണ ആക്ട് 2008 (Kerala Conservation of Paddy Land and Wetland Act 2008) ഭേദഗതി ചെയ്യുക. ബാധ്യതരഹിത ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തിയശേഷം മാത്രം പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകളിൽ ഏർപ്പെടുക. പ്രോജക്ട് നിർമ്മാണത്തിന് നയപരമായ കാര്യങ്ങളൊഴിച്ച്, മറ്റെല്ലാകാര്യത്തിലും തീരുമാനമെടുക്കാൻ അധികാരമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) സൃഷ്ടിക്കുക. പ്രോജക്ട് നിർവ്വഹണത്തിലെ പ്രതിബന്ധങ്ങൾ തീർക്കുന്നതിന് സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ ഒരു സംവിധാനം ഉണ്ടാക്കുക. പ്രോജക്ട് നിർവ്വഹണത്തിനുള്ള കമ്മിറ്റികളുടെ ബാഹുല്യം ഒഴിവാക്കി എല്ലാ പ്രോജക്ടിനും ഒരു സ്റ്റിയറിംഗ് കമ്മിറ്റി മാത്രമായി ചുരുക്കുക. കൺസൾട്ടന്റ് നിയമനത്തിന് ക്വാളിറ്റി ആന്റ് കോസ്റ്റ് ബെയ്സ്ഡ് സിസ്റ്റം അനുവർത്തിക്കുക, പ്രോജക്ട് ടീമിനെ പൊതുപരസ്യത്തിലൂടെ തെരഞ്ഞെടുക്കുക. പി.ഡബ്ല്യു.ഡി. മാനുവൽ/കോഡ് എന്നിവ കാലാനുസൃതമായി പരിഷ്ക്കരിക്കുക. സാക്ഷ്യപ്പെടുത്തിയ കണോളനിരക്കിന്റെ അടിസ്ഥാനത്തിൽ 5-10% വരെ ടെൻഡർ പ്രീമിയം അനുവദിക്കുക, പോസ്റ്റ് ക്വാളിഫിക്കേഷൻ ടെൻഡർ അനുവദിക്കുക, ഇ-ടെൻഡറിംഗ്, ഇ-പ്രൊക്യൂയർമെന്റ്, ഇ-പേമെന്റ് നടപ്പിലാക്കുക എന്നിവയിലൂടെ ടെൻഡർ നടപടി ക്രമങ്ങൾ പരിഷ്ക്കരിക്കുക. പ്രോജക്ടിന്റെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു സ്വതന്ത്ര ഏജൻസിയെ നിയമിക്കുക. ധനകാര്യവകുപ്പിൽ പ്രോജക്ട് ഫിനാൻസ് സെൽ സൃഷ്ടിക്കുക, കണ്ടിജൻസി ഫണ്ട് വർദ്ധിപ്പിക്കുക, പ്രോജക്ടുകൾക്കുള്ള ആശയം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പ്രോജക്ടുകൾക്ക് ധനം നൽകുക എന്നീ പ്രവർത്തനങ്ങൾക്കായുള്ള ഒരു അസറ്റ് മാനേജ്മെന്റ് കമ്പനിയായി കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ടിനെ പരിഗണിക്കാനുള്ള സാധ്യത പരിശോധിക്കുക.

(ബി) റിപ്പോർട്ട് നടപ്പാക്കുന്നതിനായി ശുപാർശകൾ സമർപ്പിക്കാൻ നിയുക്തമായ സെക്രട്ടറിതല സമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു വരികയാണ്.

(സി) പൊതുപ്രയോജനമുപയോഗിച്ച് സ്വകാര്യ പങ്കാളിത്തത്തോടുകൂടി സ്വകാര്യ സംരംഭക ലാഭമുണ്ടാക്കാൻ ഉപയോഗിക്കുന്ന സംവിധാനമായിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്. കേന്ദ്ര സർക്കാർ ഇതിലേക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) അനുവദിക്കുമെങ്കിലും സംസ്ഥാന സർക്കാർ ഭീമമായ തുക (ഭൂമി ഏറ്റെടുക്കലിന്റെ വില, ഇക്വിറ്റി ഷെയർ) തുടങ്ങിയ ധനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിലെല്ലാം ഇതിലേക്കായി നീക്കി വക്കേണ്ടിവരും. ഇത് സംസ്ഥാന സർക്കാരിന്റെ സാമൂഹിക മുൻഗണനാക്രമങ്ങളെയും ആസൂത്രണ പ്രക്രിയയെ തന്നെയും തകിടം മറിക്കുന്നതായിരിക്കും.

കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള PPP സെല്ലിൽ "വിദഗ്ദ്ധർ" പദ്ധതികളെ വിലയിരുത്തി സംസ്ഥാനത്തിനുള്ള ആസൂത്രണ സംവിധാനം വഴിയല്ലാതെ കേന്ദ്ര സർക്കാരിന് അയക്കുന്നത് സംസ്ഥാനത്തിന്റെ നിലവിലുള്ള ആസൂത്രണ പ്രക്രിയയ്ക്ക് ഹാനികരമാണ്. ആകയാൽ PPP അപേക്ഷകൾ എല്ലാംതന്നെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിലയിരുത്തലോടുകൂടി കേന്ദ്ര സർക്കാരിലേക്ക് അയക്കേണ്ടതാണ്. സംസ്ഥാനത്ത് പ്ലാനിംഗ് സെക്രട്ടറി നോഡൽ ഓഫീസറായി ഒരു PPP സെൽ നിലവിലുണ്ട്. അദ്ദേഹംതന്നെ പ്ലാനിംഗ് ബോർഡിന്റെ മെമ്പർ സെക്രട്ടറി കൂടിയായതിനാൽ PPP അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിന് യാതൊരുതടസ്സവുമില്ല.

കുടുംബ സെൻസസിൽനിന്നും വിദേശത്ത് ജോലി ചെയ്യുന്നവരെ ഒഴിവാക്കണമെന്ന വ്യവസ്ഥയും വിദേശ മലയാളി ക്ഷേമനിധിയും

3 (2451) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുടുംബ സെൻസസിൽനിന്നും വിദേശത്ത് ജോലി ചെയ്യുന്നവരെ ഒഴിവാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) വിദേശത്ത് ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി പ്രത്യേകമായ ഒരു സെൻസസ് നടത്താൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly